പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3153. 13.07.2015 ൽ മറുപടിയ്ക്ക്.

## വിദ്യാർത്ഥികളുടെ യാത്രാവാഹനങ്ങളുടെ സുരക്ഷിതത്വം

| ചോദ്യം<br>ശ്രീ.ലൂഡി ലൂയിസ്,<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി,<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ,<br>ശ്രീ.ടി.എൻ. പ്രതാപൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുന്ന മോട്ടോർ വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലത്തിൽ വാങ്ങി അറ്റകുറ്റപ്പണികൾ ചെയ്ത് വിദ്യാർത്ഥികളുടെ യാത്രക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ആർ.റ്റി.ഒ / ജോയിന്റ് ആർ.റ്റി.ഒ മാരും സ്കൂൾ സമയങ്ങളിൽ പ്രത്യേക പരിശോധന സംഘങ്ങളെ നിയോഗിച്ച് പരിശോധനയും നിരീക്ഷണവും നടത്തുന്നതിലേയ്ക്കായി താഴെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| 1 | അമിതമായി കുട്ടികളെ കുത്തി നിറച്ച് കൊണ്ട്പോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി എടുക്കുക. |
| 2 | ഇ.ഐ.ബി വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ളവരാണെന്ന് ഉറപ്പ് വരുത്തുക |
| 3 | സ്വകാര്യ വാഹനങ്ങൾ ഇ.ഐ.ബിയായി ഉപയോഗിക്കുന്നില്ല എന്ന് സ്കൂൾ പരിസരത്ത് തന്നെ പരിശോധനനടത്തി ഉറപ്പ് വരുത്തുക. |
| 4 | ഇ.ഐ.ബി വാഹനങ്ങളിൽ Certificate of fitness Test ന് ശേഷവും പ്രവർത്തനക്ഷമമായ അഗ്നി ശമന ഉപകരണം, സ്പീഡ് ഗവേർണർ, എന്നിവയും ഇമർജൻസി എക്സിറ്റും നിലവിലുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. |
| 5 | ഇ.ഐ.ബി വാഹനങ്ങളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ട് എന്ന് ഉറപ്പ് വരുത്തുകയും ഇവർ സ്റ്റോപ്പുകളിൽ കുട്ടികളെ റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കണമെന്നും നിർദ്ദേശം നൽകുക . |
| 6 | ഇ.ഐ.ബി വാഹനങ്ങളുടെ പുറകിലും വശങ്ങളിലും സ്കൂളിലെ ഫോൺ നമ്പർ, ചൈയിൽഡ് ലൈൻ നമ്പർ 1098, വാഹനത്തിനുള്ളിൽ കുട്ടികളുടെ ലിസ്റ്റും അവരുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പരും അടങ്ങിയ ലിസ്റ്റും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക. |
| 7 | Stage Carriage കളിൽ സ്കൂൾ കുട്ടികളെ കയറ്റുന്നതിന് വിമുഖത കാണിക്കുന്ന സ്വകാര്യ ബസ്സ് ഉടമകൾ, ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| 8 | എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ (കഴിയുന്നതും എസ്.പി.സി/എൻ.സി.സി/എൻ.എസ്.എസ് ചുമതലയുള്ളവർ) ട്രാഫിക് നോഡൽ ഓഫീസർമാരായി നിയമിക്കേണ്ടതാണ്. |
| 9 | എല്ലാ ഓഫീസുകളുടെയും കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രപ്രശ്നങ്ങൾ നിരന്തരമായി നിരീക്ഷിക്കുന്നതിന് അപ്പപ്പോൾ പരിഹാരം നേടുന്നതിന് വിവിധ ഏജൻസികളുടെ (പോലീസ്, എഡ്യൂക്കേഷൻ etc) സഹായം തേടുന്നതിനുമായി ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ നിയോഗിക്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ എല്ലാ സ്കൂൾ അധികാരികൾക്കും, ട്രാഫിക് നോഡൽ ഓഫീസർക്കും നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ.